LIBRARY ARCHIVES Kerala Legislative Assembly

മറിയക്കുട്ടിയുടെ കൊലപാതകം സംബന്ധിച്ചുള്ള അന്വേഷണം

230 (3052) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ പെരിങ്ങോം പോലീസ് സ്റ്റേഷൻ പരിധിയിൽ ചെറുപുഴ കാക്കയം ചാലിൽ മൂന്ന് വർഷം മുമ്പ് കൊല്ലപ്പെട്ട മറിയക്കുട്ടിയുടെ കൊലപാതകം സംബന്ധിച്ചുള്ള അന്വേഷണത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) അന്വേഷണം എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ ചെറുപുഴ കാക്കയം ചാലിൽ മറിയക്കുട്ടി കൊലപാതകവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത പെരിങ്ങോം പി.എസ്.ക്രൈം നം. 188/2012 നമ്പർ കേസ് ഊർജ്ജിത അന്വേഷണത്തിനായി ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറുകയും ഇപ്പോൾ കോഴിക്കോട് ക്രൈംബ്രാഞ്ച് HHW-III യൂണിറ്റ് അന്വേഷണം നടത്തിവരികയും ചെയ്യുന്നു. (CBCID Cr. No. 774/CB HHW- III/KKD/12)

(ബി) ടി കേസ്സിലെ പ്രതികളെ കണ്ടെത്തുവാൻ ഇതുവരെ സാധിച്ചിട്ടില്ല. പ്രതികളെ കണ്ടെത്തുന്നതിന് വ്യക്തമായ യാതൊരു സൂചനകളും ലഭിക്കാതിരുന്ന സാഹചര്യത്തിൽ CBCID പോലീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ അന്വേഷണം എത്രയും വേഗം പൂർത്തിയാക്കാൻ ADGP ക്രൈംസിന് 22-4-2014-ൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

കട്ടാർകരയിൽ പ്രമോദിന്റെ മരണവുമായി ബന്ധപ്പെട്ട അന്വേഷണം

231 (3053) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ കട്ടാർകരയിലെ ചെല്ലുവേലിൽ വീട്ടിൽ പ്രമോദിന്റെ മരണവുമായി ബന്ധപ്പെട്ട അന്വേഷണം ഇഴഞ്ഞുനീങ്ങുന്നതായി കാണിച്ച് ടിയാന്റെ മാതാവ് ഓമന പരാതി നൽകിയിരുന്നുവോ ;

(ബി) എങ്കിൽ ഈ പരാതിയിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(സി) അന്വേഷണത്തിന്റെ ചുമതല ഏത് ഓഫീസിനാണ് ; വിശദമാക്കുമോ ?